(ബി) സ്ഥിരീകരണം ലഭിച്ചിട്ടുള്ള എൻ.എം.ആർ. ജീവനക്കാർക്ക് മേൽപ്പറഞ്ഞ ഉത്തരവിന്റെ ആനുകൂല്യം 1.3.92 മുതൽ നൽകുന്നതിന് ധനവകുപ്പ് അനുമതി നൽകിക്കഴിഞ്ഞു. പൊതുമരാമത്ത് വകുപ്പാണ് ഇനിയും ഇക്കാര്യത്തിൽ അനന്തര നടപടികൾ എടുക്കേണ്ടത്.

40 (2597) ആലുവായിലെ വൺവേ ട്രാഫിക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലുവ മുനിസിപ്പൽ ഠൗണിൽ വൺവേ ട്രാഫിക്കിന്റെ വികസനവും പരിഷ്കരണവും എന്ന വർക്കിന് ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായിട്ടും ആവശ്യമായ ഫണ്ട് അനുവദിക്കാത്തതുമൂലം റോഡിന്റെ നിർമ്മാണം ആരംഭിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 1999-2000 വർഷത്തിൽ ഈ പ്രവൃത്തിക്കുവേണ്ടി ആവശ്യമായ തുക നൽകുമെന്ന സർക്കാർ ഉറപ്പനുസരിച്ച് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) അടിയന്തിര പ്രാധാന്യമുള്ള ഈ റോഡിന്റെ നിർമ്മാണത്തിന് ആവശ്യമായ ഫണ്ട് അനുവദിക്കാൻ സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രധാന ജില്ലാ റോഡുകൾക്ക് പദ്ധതി തുകയുടെ ലഭ്യതയനുസരിച്ച് 3 ലക്ഷം രൂപ ഈ പണിക്ക് ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) പുതുക്കിയ ഭരണാനുമതി കിട്ടിയതിനുശേഷം ആവശ്യമായ തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

41 (2598) പാട്ടത്തിന് നൽകിയിട്ടുള്ള വനഭൂമിയുടെ റീ-സർവ്വേ

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. പി.ജെ. ജോയി :
ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാട്ടത്തിന് നൽകിയിട്ടുള്ള വനഭൂമികൾ റീ-സർവ്വേ ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്;

(ബി) പാട്ടത്തിന് നൽകിയ വനഭൂമിയിൽ കരാർ കാലാവധി കഴിഞ്ഞ ഭൂമി തിരിച്ചെടുക്കാൻ ഉദ്ദേശ്യമുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന് എന്തെല്ലാം നടപടി എടുത്തു;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്തെന്ന് വിശദീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പാട്ടത്തിന് നൽകിയ വനഭൂമികളിൽ കയ്യേറ്റം ഉണ്ടെന്നു സംശയിക്കപ്പെടുന്ന പ്രദേശങ്ങളിൽ റീ-സർവ്വേ ചെയ്യുന്നുണ്ട്.

(ബി) ഉദ്ദേശമുണ്ട്.

(സി) പാട്ടക്കാലാവധി കഴിഞ്ഞ ഭൂമികളുടെ പാട്ടം പുതുക്കുവാൻ അപേക്ഷ ലഭിച്ചിട്ടില്ലാത്ത കേസ്സുകളിൽ കാലാവധി തീരുന്നമുറയ്ക്ക് നടപടി എടുക്കും. പ്രാരംഭനടപടിയായി പാട്ടക്കാർക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. പാട്ടക്കാലാവധി കഴിഞ്ഞ നെല്ലിയാംപതിയിലെ റോസരി എസ്റ്റേറ്റ് വനം വകുപ്പ് തിരിച്ചെടുത്തിട്ടുണ്ട്. കാലാവധി പുതുക്കുവാൻ അപേക്ഷ ലഭിച്ചിട്ടുള്ള കേസ്സുകൾ സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) പാട്ടക്കാലാവധി കഴിഞ്ഞെങ്കിലും തിരിച്ചെടുക്കുന്നതിനെതിരെ കോടതിവിധിയുള്ള താഴെപ്പറയുന്ന രണ്ടു തോട്ടങ്ങൾ തിരിച്ചെടുക്കുവാൻ കഴിഞ്ഞിട്ടില്ല.

(1) നെല്ലിയാംപതിയിലെ ക്ലിഫ്വ്യൂ എസ്റ്റേറ്റ് (6 ഹെക്ടർ) പാട്ടക്കാരി ഫയൽ ചെയ്ത ഒ.പി. 8324/96-ാം നമ്പർ കേസ്സ് അന്തിമ വിധി ആകാത്തതിനാൽ തിരിച്ചെടുക്കാൻ കഴിഞ്ഞിട്ടില്ല.

(2) പാട്ടക്കാലാവധി അവസാനിച്ചുവെങ്കിലും ശ്രീ. കാജാ മൊയ്തീന് നൽകിയിരുന്ന (3.50 ഹെക്ടർ) പാട്ടം ടിയാൻ ഫയൽ ചെയ്ത ഒ.എസ്. 133/86 എന്ന കേസ്സ് തൊടുപുഴ മുൻസിഫ് കോടതിയിൽ തീർപ്പാക്കാത്തതിനാൽ തിരിച്ചെടുക്കുവാൻ കഴിഞ്ഞിട്ടില്ല.

42 (2600) ഇടുക്കി ജില്ലയിലെ വനം വകുപ്പിന്റെ ഭൂമി

ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിൽ അയ്യപ്പൻ കോവിൽ, കാഞ്ചിയാർ, കട്ടപ്പന എന്നീ പഞ്ചായത്ത് പരിധിയിൽ കേരള വനം വകുപ്പിന് ഏതെല്ലാം സ്ഥലങ്ങളിൽ എത്ര അളവിൽ ഭൂമി കൈവശം ഉണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) അവയുടെ സർവ്വേ നമ്പരുകൾ ഏതെല്ലാമാണ്; അവയുടെ റീ-സർവ്വേ നമ്പർ ലഭ്യമാണോ;

(സി) പ്രസ്തുത സ്ഥലങ്ങൾ മറ്റ് ഏതെങ്കിലും ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ പഞ്ചായത്തുകളിലെ പ്രദേശങ്ങൾ കാർഡമം ഹിൽ റിസർവ്വ് ആണ്. ഇതിൽ കാഞ്ചിയാർ പഞ്ചായത്ത് പരിധിയിൽവരുന്ന കല്യാണത്തണ്ട് ഫോറസ്റ്റ് പ്രിസർവേഷൻ ഏരിയ ഒഴിച്ചുള്ള സ്ഥലങ്ങൾ റവന്യൂ വകുപ്പിന്റെ കീഴിലാണ്. കല്യാണത്തണ്ട് ഫോറസ്റ്റ് പ്രിസർവേഷൻ ഏരിയ ഉദ്ദേശം 20 സ്ക്വ.കി.മി. വരുന്നതാണ്. കൂടാതെ കാഞ്ചിയാർ പഞ്ചായത്ത് പരിധിയിൽ അയ്യപ്പൻകോവിൽ റെയിഞ്ചോഫീസ് കെട്ടിടവും ക്വാർട്ടേഴ്സുകളും സ്ഥിതി ചെയ്യുന്ന സ്ഥലവും വനം വകുപ്പിന്റെ അധീനതയിലുണ്ട്. ആ സ്ഥലത്തിന്റെ അളവെത്രയെന്ന വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly